# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.913 01.03.2017 ൽ മറുപടിക്ക്**

## നബാർഡ് ആർ. ഐ. ഡി. എഫ്. സ്കീമിൽ ഉൾപ്പെടുന്നതിന് സമർപ്പിച്ച പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ് 22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ജലവിഭവ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;<br><br>(ബി) രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് പ്രസ്തുത പ്രോജക്ടുകൾക്ക് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ)&(ബി)<br><br>നബാർഡിന്റെ ആർ.ഐ. ഡി. എഫ് 22 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്തിൽ പൂരക്കടവിൽ ഏരിയം പുഴയ്ക്ക് കുറുകെ ട്രാക്ടർവേയോട് കൂടിയ വിയറിന്റെ നിർമ്മാണത്തിനു വേണ്ടി 380 ലക്ഷത്തിന്റെ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജിക്ക പദ്ധതിയിൽപ്പെട്ട മാടായി കുടിവെള്ള പദ്ധതിയിൽ നിന്നും കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെടുന്ന വിവിധ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള 1004 ലക്ഷം രൂപയുടെ പദ്ധതിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്-22 ൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. മാർച്ച് ഏപ്രിൽ മാസത്തോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**